**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3190** **07-10-2025 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെ കാലയളവിലും നിലവിലെ സർക്കാരിന്റെ കാലയളവിലും ആലത്തൂർ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ പുതുതായി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | പുതിയ പദ്ധതികൾ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | കിഴക്കാഞ്ചേരി ഗവ. ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട് | 2.13 കോടി | ഗ്രൗണ്ട് ഡെവലപ്മെന്റ് പ്രവൃത്തി 90% പൂർത്തീകരിച്ചു, ഇൻഡോർ സ്റ്റേഡിയത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. 30% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2026 മാർച്ച് മാസം അവസാനത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| 2 | CVMHSS ഗ്രൗണ്ട് വണ്ടാഴി, പാലക്കാട് | 95.73 ലക്ഷം | പ്രസ്തുത പ്രവൃത്തിക്കായി 04.08.2022 തീയ്യതിയിൽ കരാറിലേർപ്പെട്ടിരുന്നു. ടി പ്രവൃത്തിയിൽ മഡ്കോർട്ട്, ടോയ്‌ലെറ്റ്, ഫെൻസിംഗ്, ഗ്രൗണ്ട് ഡെവലപ്മെന്റ്, കോമ്പൗണ്ട് വാൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ടി പ്രവൃത്തിയിൽ കോമ്പൗണ്ട് വാളിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ മാത്രമാണ് കരാറുകാരൻ പൂർത്തീകരിച്ചിട്ടുള്ളത്. നിലവിൽ 5% പ്രവൃത്തികൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ടി പ്രവൃത്തിയിൽ പുരോഗതി ഇല്ലാതിരുന്നതിനാൽ ചീഫ് എഞ്ചിനീയ |

| | | | |
|---|---|---|---|
| | | | റുടെ നടപടിക്രമം പ്രകാരം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്തിരുന്നു. ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി ശേഷിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി നിരവധി തവണ കരാറുകാരനെ ബന്ധപ്പെട്ടിരുന്നു. എന്നാൽ കരാറുകാരൻ ഹാജരാകാത്തിനെ തുടർന്ന് കരാറുകാരന്റെ അസാന്നിദ്ധ്യത്തിൽ ശേഷിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയതിന് ഉടൻ തന്നെ ദർഘാസ് ക്ഷണിച്ച് പ്രവൃത്തി പുനർ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| 3 | അക്വാട്ടിക് അക്കാഡമി, ആലത്തൂർ | 2.00 കോടി | 30.06.2023 തീയ്യതിയിൽ കരാറിലേർപ്പെട്ട പ്രസ്തുത പ്രവൃത്തി സാങ്കേതിക കാരണങ്ങളാൽ ആരംഭിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ 14.05.2025 തീയ്യതിയിലെ കരാറുകാരന്റെ കത്ത് പ്രകാരം പ്രവൃത്തിയിൽ നിന്നും വിടുതൽ ചെയ്യുവാൻ അഭ്യർത്ഥിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 01.08.2024 തീയ്യതിയിലെ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയറുടെ നടപടിക്രമം പ്രകാരം കരാറുകാരനെ ടി പ്രവൃത്തിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പുതുക്കിയ ഡിസൈൻ തയ്യാറാക്കി 14.02.2025 തീയ്യതിയിൽ പുതുക്കിയ സാങ്കേതികാനുമതി നൽകി 03.03.2025 അവസാന തീയ്യതിയായി ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത ടെണ്ടറിൽ ഒരു ദർഘാസുകാരൻ മാത്രമാണ് പങ്കെടുത്തിരുന്നത്. ആതതിനാൽ 15.03.2025 അവസാന തീയ്യതിയായി പ്രവൃത്തിക്ക് റീ ടെണ്ടർ ക്ഷണിച്ചിരുന്നു. എന്നാൽ പ്രസ്തുത ടെണ്ടറിലും ദർഘാസുകാർ ആരും തന്നെ പങ്കെടുത്തിരുന്നില്ല. ആയതിനാൽ 17.03.2025 തീയ്യതിയിൽ പുനർ ദർഘാസ് ക്ഷണിക്കുകയും ശ്രീ. മമ്മദ്. കെ, മലപ്പുറം എന്ന കരാറുകാരനുമായി 25.05.2025 തീയ്യതിയിൽ കരാറിലേർപ്പെടുകയും ചെയ്തിരുന്നു.<br>02.06.2025 തീയ്യതിയിൽ കരാറുകാരന് സൈറ്റ് കൈമാറി നൽകിയെങ്കിലും മഴ കാരണം പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിരുന്നില്ല. ഡിസംബർ മാസം പ്രവൃത്തി ആരംഭിക്കുകയും 2026 മാർച്ച് മാസത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതുമാണ്. |

| | | | |
|---|---|---|---|
| 4 | ജി.എൽ.പി.എസ് പെരും കുന്നം ഗ്രൗണ്ട്, കുഴൽമന്ദം (ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി | 80 ലക്ഷം | റീട്ടൈനിംഗ് വാൾ, എർത്ത് ഫില്ലിംഗ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഗ്യാലറി, ഫെൻസിംഗ് എന്നീ പ്രവൃത്തി കൾ പുരോഗമിച്ച് വരുന്നു. 60% പ്രവൃത്തി കൾ പൂർത്തീകരിച്ചിട്ടുണ്ട്. 2025 നവംബർ മാസം അവസാനത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| 5 | കാട്ടുശ്ശേരി ഗവ.എൽ.പി.സ്കൂൾ ഇൻഡോർ സ്റ്റേഡിയം- ബാലൻസ് പ്രവർത്തികൾ | 17.25 ലക്ഷം | 03.10.2025 ലെ സർക്കാർ ഉത്തരവ് (സാധാ) 245/2025/കാ.യു.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട് |
| 6 | കാട്ടുശ്ശേരി ഗവ. എൽ.പി. സ്കൂൾ ഇൻഡോർ സ്റ്റേഡിയം | 77.73 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 7 | എരിമയൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട്, പാല ക്കാട് | 1.06 കോടി | പ്രവൃത്തി പൂർത്തീകരിച്ചു |
| 8 | തേൻകുറിശ്ശി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട്, പാലക്കാട് | 95.73 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 9 | MNKMHSS ഗ്രൗണ്ട് മേലാർകോട്, പാലക്കാട് | 2.13 കോടി | പ്രവൃത്തി പൂർത്തീകരിച്ചു |
| 10 | കുഴൽമന്ദം സി.എ.എച്ച്. എസ്.എസ് സ്കൂൾ സ്റ്റേഡിയം, പാലക്കാട് | 1.02 കോടി | പ്രവൃത്തി പൂർത്തീകരിച്ചു |
| 11 | കുനിശ്ശേരി ഗവ. ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട് | 95.73 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |

[signature]

സെക്ഷൻ ഓഫീസർ